വോട്ട് യുദ്ധം 2019



ബി.ജെ.ഡി വൻ വിജയം നേടും: പട്നായിക്

ഭുവനേശ്വർ: ലോക്സഭാ തിരഞ്ഞെടുപ്പിൽ ഒഡിഷയിൽ എല്ലാ സീറ്റിലും ബി.ജെ.ഡി വൻ വിജയം നേടുമെന്നും കേന്ദ്രത്തിൽ സർക്കാർ രൂപീകരിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുമെന്നും മുഖ്യമന്ത്രി നവീൻ പട്നായക്. നയാഗഡിൽ നടന്ന പ്രചാരണ റാലിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒഡിഷയ്ക്ക് പ്രത്യേക പരിഗണന നൽകാമെന്ന് കഴിഞ്ഞ തിരഞ്ഞെടുപ്പിന് മുമ്പുതന്നെ ബി.ജെ.പി പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ, ആ വാഗ്ദാനം നടപ്പാക്കാൻ പാർട്ടി തയ്യാറായില്ല. പ്രത്യേക പദവിക്കായുള്ള പോരാട്ടം തുടരുമെന്നും, പദവി ലഭിക്കുന്നത് സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് വലിയ സഹായമാകുമെന്നും അദ്ദേഹം പറഞ്ഞു.

ഒഡിഷയിൽ റെയിൽവേ വികസനത്തിന് കേന്ദ്ര സർക്കാർ ഒന്നും ചെയ്തില്ല. മറ്റു സംസ്ഥാനങ്ങൾക്ക് ഈ ഇനത്തിൽ വൻ തുക ലഭിക്കുന്നുണ്ട്. സംസ്ഥാനത്തു നിന്നുള്ള ബി.ജെ.പി നേതാക്കന്മാർ ഒഡിഷക്കാരുടെ അവകാശങ്ങൾക്കായി ഒന്നും മിണ്ടില്ല. ഡൽഹിയിലിരുന്ന് ഭരിക്കുന്ന നേതൃത്വത്തിന്റെ നിയന്ത്രണത്തിലാണ് അവർ. ഒഡിഷയും അവിടത്തെ ജനങ്ങളുമാണ് ഞങ്ങളുടെ നേതൃത്വം- പട്നായക് തുടർന്നു.

സീറ്റില്ലെങ്കിൽ കൃഷി: കരിയ

റാഞ്ചി: ലോക്സഭാ സീറ്റ് നിഷേധിച്ചതിൽ നീരസം പരസ്യമാക്കി ബി.ജെ.പി സീനിയർ നേതാവും ലോക്സഭാ മുൻ ഡെപ്യൂട്ടി സ്പീക്കറുമായ കരിയ മുണ്ട. കൃഷിസ്ഥലത്തു നിന്ന് ലോക്സഭയിലേക്കു വന്ന തനിക്ക് മത്സരത്തിന് ടിക്കറ്റ് കിട്ടുന്നില്ലെങ്കിൽ വീണ്ടും കൃഷി ഏണിക്കുപോകുമെന്ന് അദ്ദേഹം മാദ്ധ്യമപ്രവർത്തകരോട് പറഞ്ഞു.

ജനസേവനത്തിനാണ് രാഷ്ട്രീയത്തിൽ വന്നത്. ദൈവം ഒരുപാട് കാര്യങ്ങൾ തന്നുവെന്നും. തന്നതുകൊണ്ട് തൃപ്തനാണെന്നും അദ്ദേഹം പറഞ്ഞു. ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി അർജുൻ മുണ്ടയ്ക്കാണ് ഇത്തവണ കരിയ മുണ്ടയ്ക്കു പകരം ബി.ജെ.പി ടിക്കറ്റ് നൽകിയത്.

കനൽ കനയ്യ

ബെഗുസാരായിൽ കനയ്യ സി.പി.ഐ സ്ഥാനാർത്ഥി

കനയ്യ ഒരു കനലാണ്. പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും ചെങ്കനൽ. ഈ ലോക്സഭാ തിരഞ്ഞെടുപ്പിൽ കനയ്യ കുമാർ മത്സരത്തിനുണ്ടാകുമെന്ന് നേരത്തേ കേട്ടതാണ്. മണ്ഡലങ്ങളുടെ ലിസ്റ്റിൽ ഇങ്ങ് തിരുവനന്തപുരം വരെ കേട്ടു. ഇപ്പോൾ തീരുമാനമായി: ജെ.എൻ.യു വിദ്യാർത്ഥി യൂണിയൻ മുൻ പ്രസിഡന്റ് കനയ്യ കുമാർ ബീഹാറിലെ ബെഗുസാരായ് മണ്ഡലത്തിൽ സി.പി.ഐ സ്ഥാനാർത്ഥിയായി ജനവിധി തേടും.

കനയ്യ പ്രതിപക്ഷ മഹാസഖ്യത്തിന്റെ സ്ഥാനാർത്ഥിയാകുമെന്നായിരുന്നു കേൾവി. ചർച്ചയും പലവട്ടം നടന്നു. ഒടുവിൽ സീറ്റ് വീതംവയ്പിൽ കനയ്യ കുമാറിന്റെ ജന്മദേശംകൂടിയായ ബെഗുസാരായ് കിട്ടിയത് ആർ.ജെ.ഡിക്ക്. അവിടെ, സുരക്ഷിതത്വം ഉറപ്പിക്കാവുന്നത് മുസ്ലിം സ്ഥാനാർത്ഥിക്കാണെന്ന കണക്കുകൂട്ടലിൽ ആർ.ജെ.ഡി അവിടെ ടിക്കറ്റ് നൽകിയത് തൻവീർ ഹസനാണ്.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇതേ മണ്ഡലത്തിൽ 60,000 വോട്ടുകൾക്കായിരുന്നു തൻവീറിന്റെ തോൽവി. ബെഗുസാരായിൽ കേന്ദ്രമന്ത്രി ഗിരിരാജ് പ്രധാൻ ആണ് ബി.ജെ.പി സ്ഥാനാർത്ഥി. വിവാദ പ്രസംഗങ്ങളുടെ പേരിൽ പലവട്ടം വാർത്തകളിൽ നിറഞ്ഞയാളാണ് ഗിരിരാജ്. തീപ്പൊരി പ്രസംഗത്തിൽ കനയ്യയും കേമൻ. ബെഗുസാരായിൽ ഇക്കുറി തീപാറുമെന്ന് തീർച്ച.

ആർ.ജെ.ഡി നേതാക്കൾ ഇപ്പോൾ പറയുന്നത് ബെഗുസാരായ് മണ്ഡലത്തിലേക്ക് കനയ്യ കുമാറിന്റെ പേര് ഒരിക്കൽപോലും ചർച്ചചെയ്തിട്ടില്ലെന്നാണ്. അതേസമയം, ബീഹാറിൽ ആർ.ജെ.ഡി ക്യാട്ടയിൽ ഒരു സി.പി.ഐ (എം.എൽ) സ്ഥാനാർത്ഥിയെ മത്സരിപ്പിക്കുമെന്ന് പാർട്ടി വക്താവ് മനോജ് താപറയുന്നു.

കനയ്യയ്ക്ക് ആർ.ജെ.ഡി സഖ്യം സീറ്റ് നൽകാത്തതിനു പിന്നിൽ ഒരു ചെറിയ കാര്യമുണ്ട്- തേജസ്വിയാദവിന് കനയ്യ കുമാറിനെ ഇഷ്ടമല്ല! 2016-ൽ ജെ.എൻ.യുവിലെ രാജ്യവിരുദ്ധ പ്രസംഗ വിവാദത്തിനു ശേഷം കനയ്യ കുമാറിനെ ലാലു പ്രസാദ് യാദവ് സ്വാഗതം ചെയ്യുകയും, കൂടെ നിൽക്കാൻ പറയുകയും ചെയ്തിരുന്നു. പക്ഷേ, അഴിമതി കേസിൽ ലാലു ജയിലിലാവുകയും, കാര്യങ്ങൾ മുഴുവൻ തേജസ്വി യാദവിന്റെ കൈയിലാവുകയും ചെയ്തതോടെ കഥ മാറി. കനയ്യയെ സഖ്യത്തിലേക്ക് കൊണ്ടുവന്നാൽ മറ്റൊരു പേടി കൂടി തേജസ്വിക്കുണ്ടെന്ന് ആർ.ജെ.ഡിക്കാർ രഹസ്യം പറയുന്നുണ്ട്. തേജസ്വിയേക്കാൾ മിടുക്കനായ പ്രസംഗകനാണ് കനയ്യ. കനയ്യയെ പ്രോത്സാഹിപ്പിച്ചാൽ പാർട്ടിയിൽ തേജസ്വിക്കു പണി കിട്ടും.

ബീഹാറിൽ സവർണ വിഭാഗമായ ഭൂമിഹർ സമുദായക്കാരനാണ് കനയ്യ കുമാർ. മണ്ഡലത്തിൽ ഭൂമിഹർ സമുദായത്തിന് നിർണായക സ്വാധീനമുണ്ടെങ്കിലും ആ വോട്ടുകൾ ബി.ജെ.പി സ്ഥാനാർത്ഥി ഗിരിരാജ്സിംഗിനു പോകുമെന്നും ആർ.ജെ.ഡി കണക്കുകൂട്ടുന്നു.

സ്വന്തം ദേശം

1987 ജനുവരിയിലാണ് കനയ്യ കുമാറിന്റെ ജനനം. 32 വയസ്സ്. ജന്മദേശം ബീഹാറിലെ ബെഹ്ഗുസാരായി ജില്ലയിൽ, ബിഹറ് ഗ്രാമത്തിൽ. അച്ഛൻ ജയ്ശങ്കർ സിംഗ് വലിയ കൃഷിക്കാരനായിരുന്നെങ്കിലും ഇപ്പോൾ പക്ഷാഘാതം ബാധിച്ച് കിടപ്പിൽ. അമ്മ മീനാ ദേവി അംഗൻവാടി ജീവനക്കാരി.

സി.പി.ഐയുടെ ശക്തികേന്ദ്രമാണ് ബിഹറ് ഉൾപ്പെടുന്ന തെഘ്ല്ര അസംബ്ലി മണ്ഡലം കനയ്യയുടെ ജ്യേഷ്ഠൻ മണികൺഠ് അസമിലെ ഒരു കമ്പനിയിൽ സൂപ്പർവൈസർ. പഠനകാലത്ത് എന്നും ക്ലാസിൽ ഒന്നാമനായിരുന്നു കനയ്യ. സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും സാമൂഹ്യശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടിയത് ഫസ്റ്റ് ക്ലാസിൽ. ജെ.എൻ.യുവിലേക്കുള്ള പ്രവേശന പരീക്ഷയിൽ ഒന്നാം റാങ്കോടെ പിച്ച്.ഡിക്ക്. സ്കൂൾ ഒഫ് ഇന്റർനാഷണൽ സ്റ്റഡീസിൽ കനയ്യയുടെ ഗവേഷണ വിഷയം ആഫ്രിക്കൻ സ്റ്റഡീസ് ആയിരുന്നു.

ആ കേസ്

ജെ.എൻ.യുവിലെ ഒരു സംഘം വിദ്യാർത്ഥികൾ, ഇന്ത്യൻ പാർലമെന്റ് ആക്രമണ കേസിൽ പ്രതിയായ അഫ്സൽ ഗുരുവിനെ തൂക്കിലേറ്റിയതിൽ പ്രതിഷേധിച്ച് സംഘടിപ്പിച്ച റാലിയുമായി ബന്ധപ്പെട്ടായിരുന്നു കനയ്യ കുമാറിന്റെ അറസ്റ്റ്- 2016 ഫെബ്രുവരി 12-ന്. റാലിയിൽ കനയ്യ കുമാർ ഇന്ത്യാ വിരുദ്ധമുദ്രാവാക്യം മുഴക്കിയെന്നായിരുന്നു കേസ്. പരാതി നൽകിയത് ബി.ജെ.പി.

കനയ്യയുടെ അറസ്റ്റിൽ രാജ്യവ്യാപകമായ പ്രതിഷേധമുണ്ടായി. കനയ്യ താരമായി. ഇക്കഴിഞ്ഞ ജനുവരി 14-നാണ് ഡൽഹി പൊലീസ് കുറ്റപത്രം ഫയൽ ചെയ്തത്.

ടിക്കറ്റില്ല; അദ്വാനി മൂഡ് ഓഫ്

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള ബി.ജെ.പി സ്ഥാനാർത്ഥി പട്ടികയിൽ നിന്ന് പുറത്താക്കപ്പെട്ടതിൽ മുതിർന്ന നേതാവ് എൽ.കെ.അദ്വാനിക്ക് കടുത്ത നിരാശയെന്ന് റിപ്പോർട്ട്. സീറ്റ് നിഷേധിച്ചതിലല്ല, നിഷേധിച്ച രീതിയിലാണ് അദ്ദേഹത്തിന് പ്രതിഷേധമെന്ന് അടുത്ത വൃത്തങ്ങൾ സൂചിപ്പിച്ചു. അദ്വാനിയുമായി ഇതുവരെ മുൻനിര നേതാക്കളാരും ബന്ധപ്പെട്ടിട്ടില്ലെന്നാണ് അറിയാൻ സാധിക്കുന്നത്. ഗുജറാത്തിലെ ഗാന്ധിനഗറിൽ നിന്ന് ആറു തവണ ലോക്സഭയിലേക്കെത്തിയിട്ടുള്ള അദ്വാനിക്ക് പകരം ഇത്തവണ ഇവിടെ നിന്ന് ബി.ജെ.പി ദേശീയ അദ്ധ്യക്ഷൻ അമിത്ഷായാണ് ജനവിധി തേടുന്നത്. വിരമിക്കൽ പ്രായപരിധി കർശനമാക്കിയാണ് ബി.ജെ.പി ഇത്തവണ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിട്ടുള്ളത്. നിലവിൽ 91 വയസ്സുള്ള അദ്വാനി വാജ്പേയി സർക്കാരിൽ ഉപപ്രധാനമന്ത്രിയായിരുന്നു. 2014-ൽ ബി.ജെ.പി അധികാരത്തിലേറിയ ഉടൻ അദ്വാനിയെയും അദ്ദേഹത്തിന്റെ കൂടെയുള്ള മുതിർന്ന നേതാക്കളെയും പാർട്ടി ഉപദേശക സമിതിയിലേക്ക് മാറ്റിയിരുന്നു. തുടർന്ന് തൊട്ടടുത്ത വർഷങ്ങളിലായി ഈ നേതാക്കളെ സുപ്രധാന ചുമതലകളിൽ നിന്നും പാർട്ടി പരിപാടികളിൽ നിന്നും മാറ്റി നിറുത്തുകയും ചെയ്തിരുന്നു.

'മഹേശ്വരി'യിൽ എല്ലാം സുഖം സുഖകരം

▸ സി.വിമൽകുമാർ

കൊല്ലം: 'അച്ഛനെന്നും എനിയ്ക്കഭിമാനം', എൻ.കെ. പ്രേമചന്ദ്രൻ എം.പിയുടെ മകൻ കാർത്തിക്ക് അടുത്തിടെ ഫേസ്ബുക്കിൽ ഇട്ട പോസ്റ്റിന്റെ തലക്കെട്ടാണിത്. പോർച്ചുഗലിലിരുന്നായിരുന്നു പോസ്റ്റ്. പോസ്റ്റ് കണ്ട സുഹൃത്തുക്കളും അല്ലാത്തവരുമൈക്കോട്ലൈക്ക്. പതിനായിരത്തിലധികം പേർ കാർത്തിക്കിനെ അഭിനന്ദിച്ചു.

കൊല്ലത്ത് വീണ്ടും ജനവിധി തേടുന്ന പ്രേമചന്ദ്രനെതിരെ രാഷ്ട്രീയ എതിരാളികൾ വ്യക്തിപരമായ അധിക്ഷേപം നടത്തിയപ്പോൾ ദൂരെ പഠനത്തിനായിപോയിരുന്ന മകന് സഹിയ്ക്കാനായില്ല. അച്ഛന്റെ രാഷ്ട്രീയ ജീവിതത്തിലെ എല്ലാ നന്മകളും എടുത്തുകാട്ടിയായിരുന്നു 'അച്ഛനെന്നും എനിയ്ക്കഭിമാനം' എന്ന പോസ്റ്റിട്ടത്. രാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങളെയും ഭിന്നാശയങ്ങളെയും അതേനാണയത്തിൽ നേരിടാം. എന്നാൽ മാനസിക പിരിമുറുക്കത്തിൽ ആശ്വാസം പകരാൻ കുടുംബത്തിന്റെ തണൽ വേണമെന്ന് പ്രേമചന്ദ്രൻ പറഞ്ഞു.

രാമു എന്ന് വിളിക്കുന്ന ഏകമകൻ കാർത്തിക് പോർച്ചുഗലിൽ സ്ട്രാറ്റജിക് മാനേജ്മെന്റിൽ ബിരുദാനന്തര പഠനം പൂർത്തിയാക്കി 'മഹേശ്വരി'യിൽ മടങ്ങിയെത്തിയതേയുള്ളൂ. യു.കെയിലെ ആസ്റ്റൺ ബിസിനസ് സ്കൂളിൽ നിന്ന് എം.ബി.എ പാസായ ശേഷമാണ് പോർച്ചുഗലിലെ ലിസ്ബൺ കത്തോലിക്ക സർവകലാശാലയിൽ ബിരുദാനന്തരബിരുദ പഠനത്തിന് പോയത്.

കൊല്ലം ബൈപാസ് ഉദ്ഘാടനത്തിന് പ്രധാനമന്ത്രി മോദിയെ ക്ഷണിച്ചത് പ്രേമചന്ദ്രനായിരുന്നുവെന്നും ബി.ജെ.പിയുമായി അദ്ദേഹത്തിന് ഉറ്റബന്ധമാണെന്നുമുള്ള ആക്ഷേപം കടന്ന് സംഘിയെന്ന ആരോപണമാണ് പ്രേമചന്ദ്രൻ ഇപ്പോൾ രാഷ്ട്രീയ എതിരാളികളിൽ നിന്ന് നേരിടുന്നത്. ഇതൊക്കെ മാനസികമായി വല്ലാതെ തളർത്തിയെന്നത് പ്രേമചന്ദ്രൻ മറച്ചു വയ്ക്കുന്നില്ല.

അപ്പോഴൊക്കെ ഉപദേശങ്ങളും സാന്ത്വനവുമായി ഒപ്പം നിന്നത് ഗീതയുടെയും മകന്റെയും സാന്ത്വനവാക്കുകളാണ്. കുറിച്ചിഹോമിയോ കോളേജ് അദ്ധ്യാപികയായ ഡോ.ഗീത രാവിലെ ജോലിയ്ക്കിറങ്ങും. രാത്രി വൈകി എത്തുന്ന പ്രേമചന്ദ്രന് ആശ്വാസ വാക്കുകളായി ഗീതയുണ്ടാകും.

ശുഭകാര്യങ്ങൾക്കു മുൻപ് മധുരമെന്നല്ലേ... ബി.ജെ.പി കണ്ണൂർ മണ്ഡലം തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉദ്ഘാടന വേളയിൽ സ്ഥാനാർത്ഥി സി.കെ. പത്മനാഭനും ബി.ജെ.പി ദേശീയ നിർവാഹക സമിതി അംഗം പി.കെ. കൃഷ്ണദാസും
ഫോട്ടോ: എ.ആർ.സി. അരുൺ

കാർത്തി ചിദംബരം ശിവഗംഗയിൽ മത്സരിക്കും

ചെന്നൈ: മുൻ കേന്ദ്ര ധനമന്ത്രി പി. ചിദംബരത്തിന്റെ മകൻ കാർത്തി ചിദംബരം കോൺഗ്രസിന്റെ സ്ഥാനാർത്ഥി പട്ടികയിൽ ഇടംപിടിച്ചു. തമിഴ്നാട്ടിലെ ശിവഗംഗയിൽ നിന്നാണ് കാർത്തി ജനവിധി തേടുക. കാർത്തി ഉൾപ്പെടെ 18 സ്ഥാനാർത്ഥികളുടെ പേരുകളാണ് കോൺഗ്രസ് ഇന്നലെ പുറത്തുവിട്ട പട്ടികയിലുണ്ടായിരുന്നത്. 1984 മുതൽ എട്ടു തവണകളായി ചിദംബരമാണ് ശിവഗംഗയിൽ നിന്ന് ലോക്സഭയിലേക്ക് പോകുന്നത്. ആറുതവണകളിൽ കോൺഗ്രസിൽ ടിക്കറ്റില്ലം രണ്ടുതവണ ടിഎംസി ടിക്കറ്റിലുമായിരുന്നു വിജയം.

കാർത്തി ചിദംബരം

എയർസെൽ മാക്സിസ് കേസിൽ ആരോപണവിധേയനാണ് കാർത്തി ചിദംബരം.

എൻ. കെ. പ്രേമചന്ദ്രനും ഭാര്യ ഡോ. ഗീതയും മകൻ കാർത്തിക്കിനൊപ്പം

മകന് വീരന്റെ പേരിട്ടു, ആ മകൻ പാരയായി

▸ എം.വി. ഹരീന്ദ്രനാഥ്

കോഴിക്കോട്: എം. പി വീരേന്ദ്രകുമാറിനോടുള്ള ബഹുമാനവും ഇഷ്ടവും കൊണ്ട് കോഴിക്കോട്ടെ ഒരാൾ മകന് വീരേന്ദ്രകുമാർ എന്നു പേരിട്ടു. പക്ഷേ, ആ മകൻ വളർന്നു വലുതായപ്പോൾ വീരന് ഏറ്റവും വലിയ പാരയാവുകയും ചെയ്തു. 2004-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ വീരേന്ദ്രകുമാറിനെതിരെ അപരനായി മത്സരിച്ചു. ആ വീരേന്ദ്രകുമാർ. മകന് വീരേന്ദ്രകുമാർ എന്നു പേരിട്ട ആ അച്ഛന് വല്ലാത്ത വിഷമമായി. അയാൾ വീരേന്ദ്രകുമാറിനെ നേരിൽക്കണ്ട് സങ്കടം പറയുകയും ചെയ്തു.

അതേപ്പറ്റി വീരേന്ദ്രകുമാർ തന്നെ പറയുന്നു:

'അന്ന് തിരുവമ്പാടി മേഖലയിൽ ഇലക്ഷൻ പ്രചാരണം നടത്തുകയായിരുന്നു . എല്ലാവരോടും വോട്ട് അഭ്യർത്ഥിച്ച് നടക്കുന്നതിനിടയിൽ ഒരാൾ മുന്നോട്ടു വന്നു. സാർ, എനിക്ക് ഒരു കാര്യം പറയാനുണ്ട്. ആമുഖത്തോടെയാണ് അയാൾ തുടങ്ങിയത്. 'അങ്ങയോടുള്ള ബഹുമാനം കൊണ്ടാണ് എന്റെ മകന് വീരേന്ദ്രകുമാർ എന്നു പേരിട്ടത്. ആ മകൻ തന്നെ സാറിന്റെ അപരനായി മത്സരിക്കുന്നതിൽ എനിക്ക് വലിയ വിഷമമുണ്ട്. എനിക്ക് എന്തുചെയ്യാൻ പറ്റും?' അതു കേട്ടപ്പോൾ വീരേന്ദ്രകുമാറും ആദ്യമൊന്നു പകച്ചു!

അന്ന് ആ അപരൻ വിചാരിച്ചിട്ടും വീരേന്ദ്രകുമാർ തോറ്റില്ല. 3,40,111 വോട്ട് ലഭിച്ച എതിരാളിയായ കോൺഗ്രസിലെ ബൽറാമിന് 2,74,785 വോട്ട് മാത്രം. 83 - ൽ എത്തി നിൽക്കുന്ന വീരേന്ദ്രകുമാർ എത്ര തിരഞ്ഞെടുപ്പുകളിൽ മത്സരിച്ചുവെന്നതു പോലും ഓർക്കുന്നില്ല. അതിനുള്ള കാരണവും അദ്ദേഹം പറയും:

"എന്തെങ്കിലും സ്ഥാനമാനം നേടാനല്ല അന്നൊക്കെ പൊതുപ്രവർത്തനവും തിരഞ്ഞെടുപ്പു മത്സരവും. ജനങ്ങളുടെ വികാരം പ്രകടിപ്പിക്കാൻ വേണ്ടിയാണ് മത്സരിച്ചത്. 1977-ൽ കല്പറ്റയിൽ നിന്ന് നിയമസഭയിലേക്കു മത്സരിക്കുന്ന സമയം എന്റെ മുഴുവൻ സ്വത്തും കണ്ടുകെട്ടിയിരുന്നു. എന്നാൽ ആവശ്യപെടാതെ തന്നെ ജനങ്ങൾ തിരഞ്ഞെടുപ്പിനു വേണ്ടുന്ന മുഴുവൻ പണവും തന്നുവെന്നു മാത്രമല്ല തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കയ്യിൽ 25,000 രൂപ മിച്ചവും വന്നു."1987-ൽ നിയമസഭയിലേക്ക് മത്സരിച്ചു ജയിച്ചതും ഒരു ദിവസത്തേക്ക് മാത്രം മന്ത്രിയായതും വീരേന്ദ്രകുമാർ പുഞ്ചിരിയോടെ ഓർമ്മിക്കുന്നു.

1996- ൽ കോഴിക്കോട് പാർലമെന്റ് മണ്ഡലത്തിൽ നിന്ന് ഇടതു സ്ഥാനാർത്ഥിയായി വിജയിച്ച് എച്ച്. ഡി ദേവഗൗഡയുടെയും, തുടർന്നു വന്ന ഐ.കെ ഗുജ്റാളിന്റെയും കീഴിൽ മന്ത്രിയായി. 1987- ൽ സംസ്ഥാന വനം മന്ത്രിയായി ചുമതലയേറ്റയുടൻ കാട്ടിൽ നിന്ന് മരം മുറിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവിറക്കിയതാണ് തന്റെ സ്ഥാനം തെറിക്കാൻ കാരണമായതെന്ന് വീരേന്ദ്രകുമാർ വിശ്വസിക്കുന്നു. കാട് നശിച്ചാലുണ്ടാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് താൻ അന്നേ മുന്നറിയിപ്പ് നൽകിയിരുന്നു. ആരും ഗൗനിച്ചില്ല.

1996- ൽ ദേവഗൗഡ മന്ത്രിസഭയിൽ ധനകാര്യ സഹമന്ത്രിയായാണ് ആദ്യം കേന്ദ്രമന്ത്രിസഭയിലെത്തുന്നത്. പിന്നീട് തൊഴിൽ വകുപ്പിന്റെയും നഗര വികസനത്തിന്റെയും സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിയായി. ഈ സമയത്ത് ലോക ലേബർ കോൺഫറൻസിൽ പങ്കെടുക്കാൻ സാധിച്ചതാണ് ഏറ്റവും വലിയ നേട്ടമെന്നും അദ്ദേഹം പറഞ്ഞു.

തൊണ്ണൂറ്റിയൊന്നിനു പകരം ഗാന്ധിനഗറിൽ 54

(അഥവാ അദ്വാനിക്കു പകരം അമിത് ഷാ)

മത്സരത്തിൽ നിന്ന് ഒഴിഞ്ഞ ഉമാഭാരതിക്ക് ബി.ജെ.പി ഉപാദ്ധ്യക്ഷ പദവി

ല്ലാൽ കൃഷ്ണ അദ്വാനിക്ക് വയസ്സായി. 91 വയസ്സ്. 1998 മുതൽ 2014 വരെ തുടർച്ചയായ അഞ്ച് ലോക്സഭാ തിരഞ്ഞെടുപ്പുകളിൽ ഗുജറാത്തിലെ ഗാന്ധിനഗർ മണ്ഡലം മറ്റാർക്കും വിട്ടുകൊടുത്തിട്ടില്ല, അദ്വാനി. ഇടവേളയില്ലാതെ, 21 വർഷം. അതിനു മുമ്പ് 1991 മുതൽ 96 വരെയും അദ്വാനി ഗാന്ധിനഗർ എം.പി ആയിരുന്നിട്ടുണ്ട് ആകെ ആറു തവണ. കാര്യം എന്തായാലും ഇത്തവണ അദ്വാനിക്ക് സീറ്റില്ല!

എൽ.കെ. അദ്വാനി

ഗാന്ധിനഗറിൽ നിന്ന് ഏഴാം തവണയും അദ്വാനി സ്ഥാനാർത്ഥിയാകുമെന്നായിരുന്നു മണ്ഡലത്തിലെ ബി.ജെ.പി പ്രവർത്തകരുടെ പ്രതീക്ഷ. പക്ഷേ, കഴിഞ്ഞ ദിവസം ബി.ജെ.പിയുടെ സ്ഥാനാർത്ഥിപട്ടിക പ്രഖ്യാപിക്കപ്പെട്ടപ്പോൾ അതിൽ അദ്വാനിയുടെ പേരില്ല! ഗാന്ധിനഗറിൽ മത്സരിക്കുന്നതാകട്ടെ, പാർട്ടി ദേശീയ അദ്ധ്യക്ഷൻ അമിത് ഷായും! അദ്വാനിക്കു മാത്രമല്ല, മറ്റൊരു സീനിയർ ആയ മുരളീ മനോഹർ ജോഷിക്കും സീറ്റില്ലായിരുന്നു. മത്സരിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അവകാശം പാർട്ടി ഇരുവർക്കും വിട്ടുകൊടുത്തു. അഭിമാനികളായ രണ്ടുപേരും ഒരക്ഷരം മിണ്ടിയില്ല. അതുതന്നെയാണ് പാർട്ടി പ്രതീക്ഷിച്ചതും.

പാർട്ടിക്ക് അസ്ഥിവാരമിട്ടന്നതിൽ മുഖ്യ പങ്കുവഹിച്ച അദ്വാനിയെ ഇങ്ങനെ കറിവേപ്പില പോലെ കളയാനെന്ത്? ഒറ്റ കാരണമേയുള്ളൂ- വയസ്സായി! അമിത് ഷായ്ക്കാകട്ടെ വെറും 54 വയസ്സേയുള്ളൂ. പാർട്ടിയിലേക്ക് പുതുരക്തമൊഴുക്കുന്നതിന്റെ ഭാഗമായാണ് അദ്വാനി ഉൾപ്പെടെ സീനിയർ നേതാക്കളെ ഒഴിവാക്കിയതത്രേ. പക്ഷേ, അതിന് മാന്യമായ ഒരു രീതി ആയിക്കൂടേ എന്നാണ് അദ്വാനി പക്ഷക്കാരുടെ ചോദ്യം. അതു ന്യായം തന്നെ.

ഉമാഭാരതി

അദ്വാനിജിക്ക് സീറ്റ് നൽകാതിരുന്നതിൽ ആദ്യം പ്രതികരിച്ച പാർട്ടി നേതാവ് ഉമാഭാരതിയാണ്. മത്സരിക്കുകയോ മത്സരിക്കാതിരിക്കുകയോ ചെയ്യുന്നതുകൊണ്ട് അദ്വാനിയുടെ വ്യക്തിപ്രഭാവത്തിന് ഒന്നും സംഭവിക്കില്ലെന്നായിരുന്നു ഉമയുടെ കമന്റ്. ഇപ്പോൾ ഇതേക്കുറിച്ച് എന്തെങ്കിലും സംസാരിക്കേണ്ടത് അദ്വാനിജി ആണെന്നും ഉമ പറഞ്ഞു.

ഇത്തവണ ഉമാഭാരതി മത്സരത്തിനില്ല. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യു.പിയിലെ ജ്ഝാൻസി മണ്ഡലത്തിൽ നിന്ന് 1,90,467 വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് ഉമ ജയിച്ചു കയറിയത്. തൊട്ടു പിന്നിലുണ്ടായിരുന്നത് എസ്.പിയിലെ ചന്ദ്രപാൽ സിംഗ് യാദവ്. ഈ മേയ് മാസം മുതൽ ഗംഗാ തീരം വഴി പതിനെട്ടു മാസം ദീർഘിക്കുന്ന ഒരു തീർത്ഥയാത്ര ആഗ്രഹിക്കുന്നതുകൊണ്ട് സ്ഥാനാർത്ഥിയാകുന്നതിൽ നിന്ന് തന്നെ ഒഴിവാക്കണമെന്ന് ഉമ പാർട്ടി കേന്ദ്ര നേതൃത്വത്തോട് നേരത്തേ ലീവ് ആവശ്യപ്പെട്ടിരുന്നു.

മത്സരിക്കുന്നതിൽ നിന്ന് ഉമയെ ഒഴിവാക്കിയെങ്കിലും, അമിത് ഷാ മറ്റൊന്നു ചെയ്തു: ശരി, ലീവ് അനുവദിച്ചിരിക്കുന്നു. പക്ഷേ, ഇന്നു മുതൽ ഉമ പാർട്ടിയുടെ ദേശീയ ഉപാദ്ധ്യക്ഷ ആയിരിക്കും!